# ACADEMIC MASTER PLAN

## STD 1

## English

Aim

To speak, read and write without any mistakes

| AIMS | ACTIVITIES | Month |
|---|---|---|
| To develop listening skills and reading skills | Description, evolving sentences, Picture reading and Riddles | June - july |
| Reading skills | Finding words from reading materials<br>finding words from Text book and activity book<br>Describing words | July-august |
| Writing skills | Make word web<br>word chain<br>picture description | September to January |
| Talking skills | Story telling<br>riddles<br>conversation | February, march |
| Language Learning | Exibhition<br>cartoons | Every Month |

## മലയാളം

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക
- ലളിതമായ ബാലസാഹിത്യ കൃതികൾ ആശയങ്ങൾ പങ്കിടുവാൻ കഴിവുള്ളവരാക്കുക
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴു താനുള്ള കഴിവ് നേടുക
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു
- സ്വന്തമായി ഡയറി എഴുതുന്നു
- അടിസ്ഥാന ഭാഷാശേഷി വികസനം
- പത്രം തയ്യാറാക്കുന്നു
- പലതരത്തിലുള്ള പതിപ്പുകൾ തയ്യാറാക്കുന്നു

| ലക്ഷ്യം | പ്രവർത്തനം | കാലം | സാമ്പത്തികം/ സ്രോതസ്സ് |
|---|---|---|---|
| വായന | ചിത്ര വായന<br>ചാർട്ട് വായന<br>വായന കാർഡ് നിർമ്മിക്കൽ<br>കഥാ വായന<br>പദകേളി<br>പത്രവായന | ജൂൺ മുതൽ മാർച്ച് വരെ | 1000<br>എസ്.എസ്.കെ ,<br>ക്ലാസ് ടീച്ചർ |
| ലേഖനം | ചിത്രങ്ങൾ നോക്കി പേരെഴുതുന്നു<br>സചിത്ര ബുക്ക്<br>സംയുക്ത ഡയറി<br>രചനോത്സവം<br>സാങ്കല്പിക ഡയറി<br>കഥാ രചന<br>പദങ്ങൾ കണ്ടെത്തുന്നു എഴുതുന്നു<br>വരികൾ കൂട്ടിച്ചേർക്കുന്നു<br>ചിത്രം നോക്കി കഥ രൂപപ്പെടുത്തുന്നു | 2024 ജൂൺ മുതൽ<br>2025 ഫെബ്രുവരി വരെ | 2000<br>ക്ലാസ് ടീച്ചർ |
| ഭാഷാശേഷി | അമ്മമാർ മക്കൾക്ക് കഥ പറഞ്ഞു കൊടുക്കുന്നു തുടർന്ന് മക്കൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു | മാസത്തിലൊരിക്കൽ | - |

ക്ലാസ് 2

# ഇംഗ്ലീഷ്

**ആമുഖം**

**ഇന്ന് ലോകത്തിലേറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന ഒരു പൊതുഭാഷയാണ് ഇംഗ്ലീഷ്.ആഗോള ഭാഷ അഥവാ ലോകഭാഷ എന്ന് ഇംഗ്ലീഷിനെ വിശേഷിപ്പിക്കാറുണ്ട്.തൊഴിൽ ലഭിക്കുന്നതിനും ഉപരിപഠനത്തിനും പലപ്പോഴും ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം ആവശ്യമായി വരാറുണ്ട്.ഏതൊരു ഭാഷയും സുഖമായി പഠിക്കാൻ സാധിക്കുന്നത് ചെറുപ്പത്തിലാണ്.അതുകൊണ്ടു തന്നെ എൽ പി തലം മുതൽ ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെ പറയാനും ഉപയോഗിക്കാനും കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം . പൊതുവിദ്യാഭാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ ഭാഷാവികാസത്തെ പരിപോഷിപ്പിക്കുന്നതിനും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.**

**ലക്ഷ്യങ്ങൾ:**

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക .
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനക്ക് സജ്ജരാക്കുക .
4. സ്വതന്ത്ര എഴുത്തിനു സജ്ജരാക്കുക .
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ക്ലാസ് തല വായനാമൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
7. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാൻ രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

**പ്രവർത്തന പദ്ധതികൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | Cartoon പ്രദർശനം ,സിനിമ പ്രദർശനം | June-march | ഇംഗ്ലീഷ് ക്ലബ്ബ് |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരമൊരുക്കൽ | let's talk...<br>പ്രതിഭാധനരുമായി സംവദിക്കൽ ഇംഗ്ലീഷ് ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി | June-march | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | |
|---|---|---|---|
| വായന – ആശയമറിഞ്ഞും ഒഴുക്കോടെയും . | **ക്ലാസ് ലൈബ്രറി വികസനം .**<br><br>**വായനാ ക്യാമ്പുകൾ .**<br><br>**ബാലപ്രസിദ്ധീകരണങ്ങളുടെ വായന.** | JUNE-MARCH | ക്ലാസ് ടീച്ചർ<br><br>SMC |
| സർഗാത്മകതാ പരിപോഷണം | **ഇംഗ്ലീഷ് തിയേറ്റർ:**<br>ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ( skit,conversation, story telling) | AUGUST | ടീച്ചർ<br>ടീച്ചർ |
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | **റീഡിങ് കാർഡ് വർക്ക് ഷോപ്പ്** : രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമ്മിക്കൽ . | SEPTEMBER | PTA |
| മുഴുവൻ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | **വർക്ക് ഷീറ്റ് വർക്ക് ഷോപ്പ്:** ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം. | DECEMBER | ടീച്ചർ<br>സർഗാത്മകതാ |
| വായനാ പരിപോഷണം | **വായനാ മൂല** :കുട്ടികളുടെ നിലവാരത്തിനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച വായനാ മൂല ഒരുക്കൽ.<br>വായനാ വേള ഒരുക്കൽ. | JUNE-MARCH | SRG |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ. | **ഇംഗ്ലീഷ് ഫെസ്റ്റ്:**<br>വായനാ മത്സരം , രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | അവധിക്കാലം | SRG |

# ഗണിതം

## ആമുഖം

**ദൈനം ദിന ജീവിതവുമായി വളരെയധികം ബന്ധപ്പെട്ടു കിടക്കുന്ന ഒരു വിഷയമാണ് ഗണിതം. അടിസ്ഥാന ഗണിതക്രിയകൾ ഓരോ കുട്ടിയിലും ഊട്ടിയുറപ്പിക്കുകയും,ഇതിനായി ആധുനിക സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തുകയുമാണ് ഈ പദ്ധതി. ഗണിത ചിന്ത,യുക്തിചിന്ത,വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുകയെന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വക്കുന്നത്.**

## പ്രവർത്തന പദ്ധതികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക . | **ഗണിത വർക്ക് ഷീറ്റ് ശിൽപ്പശാല:** എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ. | ഓരോ ടേമിന്റെയും തുടക്കത്തിൽ. | SSG | |

| | | | | |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | **ഗണിതലാബ് (ഗണിതമധുരം):** കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ . | Junemarch | സ്കൂൾ മാനേജ്മന്റ് | |
| എത്തിക്കുക.ന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുന്നതിന് . | **ഗണിതമൂല : മുഴുവൻ ക്ലാസ്സിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി ,കളി[illegible]ട്ട് ,കാർഡുകൾ തുടങ്ങിയവ )** | JUNE-MARCH | ക്ലാസ് ടീച്ചർ | |
| ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ. | **യൂണിറ്റ് വിലയിരുത്തൽ** [illegible]ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു . | JUNE-MARCH | കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ | |
| കൈവരിക്കുന്നുണ്ടെന്ന് കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ. | **ഗണിതക്ലാസ് പി ടി എ** [illegible]ഓരോ ക്ലാസ്സിലും ഗണിതപാഠങ്ങളിലെ **H.W** പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു കൊടുക്കുന്നു. പിന്തുണ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ | |

# ക്ലാസ് 3

## പരിസര പഠനം

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ജൂൺ | ചെടികൾ നിരീക്ഷിക്കുന്നു<br>പ്രകൃതി നടത്തം<br>വിത്ത് മുളപ്പിക്കൽ<br>വ്യത്യസ്ത തരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു<br>പരിസ്ഥിതി ദിനാചരണം ഹരിതകാർഡ് നിർമ്മാണം | എസ്.ആർ. ജി |
| ജൂലൈ | വ്യത്യസ്ത തരം ജീവികളുടെ നിരീക്ഷണം, ചിത്രശേഖരണം<br>മണ്ണ് നിരീക്ഷണം<br>ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം<br>ശലഭോദ്യാന നിർമ്മാണം<br>സ്കൂൾ ഹെൽത്ത് ക്ലബ്ബ്പ്രവർത്തനങ്ങൾ | പി.ടി.എ<br>എസ്.ആർ ജി |
| ആഗസ്റ്റ് | മഴമാപിനി നിർമ്മാണം<br>ജല സംരക്ഷണ പോസ്റ്റർ നിർമ്മാണം<br>കിണർ സന്ദർശനം<br>മണ്ണ് സംരക്ഷണം മണ്ണുകൊണ്ടുള്ള രൂപങ്ങൾ നിർമ്മിക്കൽ<br>മണ്ണുകൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>ആശയപടം തയ്യാറാക്കൽ | എസ്.ആർ ജി ,<br>പി.ടി.എ |
| സെപ്റ്റംബർ | ശുചിത്വ പോസ്റ്റർ നിർമ്മാണം<br>സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ<br>ആരോഗ്യ ബോധവത്കരണ സെമിനാർ | എസ്.ആർ. ജി<br>ശുചിത്വ ക്ലബ്ബ് |

| | | |
|---|---|---|
| | ഇന്റർവ്യൂ- ആരോഗ്യ പ്രവർത്തകർ | |
| ഒക്ടോബർ | ഫീൽഡ് ട്രിപ്<br>പഴം പച്ചക്കറി കട<br>ഭക്ഷ്യമേള<br>എന്റെ ആരോഗ്യ കാർഡ്<br>ബി.എം.ഐ കാണുന്നു<br>സ്കൂൾ പച്ചക്കറി തോട്ടം ഒരുക്കൽ<br>ശരിയായ ഭക്ഷണ ശീലം -പോസ്റ്റർ | മാതൃസമിതി<br>എസ്.ആർ ജി<br>രക്ഷിതാക്കൾ |
| നവംബർ | റോൾ പ്ലേ- റോഡ് നിയമങ്ങൾ<br>പ്രഥമ ശുശ്രൂഷാ പെട്ടി തയ്യാറാക്കൽ<br>പ്രഥമ ശുശ്രൂഷ - റീഡേഴ്സ് തിയറ്റർ<br>സ്വയം സുരക്ഷ – പത്ര കട്ടിങ്ങുകൾ,<br>ചർച്ച, ബോധവത്കരണം | പി.ടി.എ |
| ഡിസംബർ | പരീക്ഷണങ്ങൾ<br>നിരീക്ഷണ പ്രവർത്തനം ( ഗ്ലോബ്, ഐ.സി.ടി)<br>ഗ്ലോബ് നിർമ്മാണം<br>ദേശീയ പതാക വരയ്ക്കൽ<br>ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>ഭൂപട വായന<br>എന്റെ കേരളം<br>ചിത്രരചന , കുറിപ്പ്, ചോദ്യോത്തര പയറ്റ്<br>ഭൂപ്രകൃതി തിരിച്ചറിയൽ, മാപ്പിംഗ് | പി.ടി.എ |
| ജനുവരി,<br>ഫെബ്രുവരി | ജീവികളുടെ കൂടുകൾ- ചിത്രങ്ങൾ ശേഖരണം<br>വ്യത്യസ്ത വീടുകൾ ആൽബം<br>വീട് നിർമ്മാണ ഇടം സന്ദർശിക്കൽ<br>വ്യത്യസ്ത തരം ജോലികൾ സർവേ | എസ്.ആർ . ജി |
| മാർച്ച് | പൊതു സ്ഥാപനങ്ങൾ - ഫീൽഡ് ട്രിപ്<br>പഠനോത്സവം | വിവിധ വിദ്യാലയ<br>സമിതികൾ |

## ഗണിതം

ആമുഖം: ആസ്വദിച്ചു പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണിചേർത്തുകൊണ്ടാണ് ഗണിത പഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താത്പര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്നവിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം, എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിനു ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിനു ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും വളരെ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

➢ ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ പരിചയപ്പെടുത്തുന്നു. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യ ജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടിവരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസ്സിലെ ഗണിത പഠനം ലക്ഷ്യം വെക്കുന്നു.

➢ നിത്യ ജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൽ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിനു മൂന്നാം ക്ലാസ്സിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാനവിലക്കനുസരിച്ചു പിരിച്ചെഴുതി സങ്കലന ക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മനഃഗണിതത്തിനു പ്രാധാന്യം നല്കിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

➢ നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റിമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിനു അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാനുള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പരായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിലൂടെ അവസരം ഒരുക്കുന്നു. അളവുകൾ ഊഹിച്ചു പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

➢ 9 വരെ സംഖ്യകളുമായി ബന്ധപെട്ടുള്ള ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിനു ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്തയോടൊപ്പം ഗണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**പ്രവർത്തനങ്ങൾ :**

➢ ജൂൺ - ജൂലയ് : യൂണിറ്റ് 1 രൂപങ്ങൾ വരയ്ക്കാം:

ജ്യാമിതെയ രൂപങ്ങൾ തിരിച്ചറിയൽ – ചതുരം, വട്ടം, ത്രികോണം എനീ രൂപനഗ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ. തോരണ നിർമ്മാണം , തോണി നിർമ്മാണം, വെജിറ്റബിൾ പ്രിന്റിംഗ്, ചതുരം, ത്രികോണം, വട്ടം എന്ന്നിവ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

➢ ജൂലായ് - ആഗസ്റ്റ് : ഓരോ കുട്ടിയ്ക്കും കണക്കപെട്ടി, ഗണിത ശില്പശാല, 1 – 100 എഴുതിയ ടോക്കൺ, കളിനോട്ടുകൾ( ഓരോ നോട്ടുകളും 10 എണ്ണം വീതം), കമ്പുകെട്ടുകൾ, സംഖ്യാസ്ട്രിപുകൾ, അബാക്കസ് നിർമ്മാണം

➢ ആഗസ്റ്റ്- സെപ്റ്റംബർ : പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം , പഠനോപകരണ നിർമ്മാൺ കളരി, സംഖ്യാ സൗന്ദര്യം, സംഖ്യകളുടെ അത്ഭുത ലോകം, പസിൽ കോർണർ

➢ ഒക്റ്റോബർ : സ്കെയിൽ നിർമ്മാണം, കുട്ടികളുടെ ഉയരം, വണ്ണം , തൂക്കം, നീളം അളക്കൽ, കളംബോർഡ്, ഗുണന വസ്തുതകൾ

➢ നവംബർ - ഡിസംബർ : അബാക്കസ്, മുത്തുകളിടാം, സംഖ്യാ ചാർട്ട്, മൂന്നക്ക സംഖ്യകളെ സ്ഥാനവിലക്കനുസരിച്ചു പിരിച്ചെഴുതൽ, അബാക്കസ് വരയ്ക്കൽ, കളം നിറയ്ക്കൽ,വലിയ സംഖ്യയും ചെറിയ സംഖ്യയും തമ്മിലുള്ള വ്യത്യാസം കാണൽ. ക്ലോക്ക്- വാച്ച് ഉപയോഗിച്ച് സമയം കാണൽ, ക്ലോക്ക് നിർമ്മാണം, കലണ്ടർ നിർമ്മാണം, കലണ്ടർ നോക്കി ദിവസം, മാസം, വർഷം എന്നിവ പറയൽ .

➢ ജനുവരി-ഫെബ്രുവരി: ഹരണ വസ്തുത, തുല്യ എണ്ണം കൂട്ടങ്ങളാക്കൽ, ഹരണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. ഉള്ളളവ് അളക്കുന്നതിനുള്ള ഉപകരണങ്ങൽ തിരിച്ചറിയൽ , ലിറ്റർ , മില്ലി ലിറ്റർ എന്നിവ ഉള്ളളവിന്റെ ഏകകങ്ങൾ ആണെന്ന് തിരിച്ചറിയൽ, ഭാരം അളക്കൽ .

➢ മാർച്ച്: വിവരങ്ങൽ തരം തിരിച്ച് പട്ടികപ്പെടുത്തൽ, വിവരശേഖരണം .

## മലയാളം

ലക്ഷ്യങ്ങൾ

➢ പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻ നിർത്തി എന്റെ കുട്ടികൾ എല്ലാവരും സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.

➢ കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ, താളാത്മകമായി ചൊല്ലി അവതരിപ്പിക്കും

➢ രചനകൾ ഭാവത്മകമായി വായിക്കും, ആസ്വദിച്ച ഭാഷാഘടകങ്ങൾ( കഥ, കവിത, നാടൻപാട്ട്, കടങ്കഥ....) മുതലായവ ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും

➢ ലഘുവായ സർഗാത്മക രചനകൾ നടത്തും( കഥ,കവിത, ഡയറി, ചിത്രം...)

- കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയറ്റർ, തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി അവതരിപ്പിക്കും (വിവരണം, സംഭാഷണം ,..)

**ഇതിനായി നടത്തുന്ന മുന്നൊരുക്കങ്ങൾ**

**ജൂൺ - ജൂലായ്**

1.കനകച്ചിലങ്ക:

- നാടൻ പാട്ടുകൾ ശേഖരണം( വായ്ത്താരികൾ ഉള്ളത്)
- പഴഞ്ചൊല്ലുകൾ ശേഖരണം
- കഥാശേഖരം - ക്ലാസ് ലൈബ്രറി നവീകരണം ( നാട്ടുകഥകൾ)
- നാടൻ പാട്ടുകളിലെയും കവിതകളിലെയും താളം (കവിത ചൊല്ലൽ ശില്പശാല)
- കതോത്സവം ( നാടൻ കഥകളുടെ അവതരണ ശില്പശാല)
- കടങ്കഥകളുടേ ശേഖരണം ( കടങ്കഥ പാട്ടുകൾ , കടങ്കഥ പതിപ്പ്, കടങ്കഥ പയറ്റ്...).
- കലയിലെ കേമൻ
- കലാരൂപങ്ങൾ - വേഷവിധാനം - ചിത്രശേഖരണം- ആൽബം
- പാവനാടക ശില്പശാല

**ആഗസ്റ്റ്- സെപ്റ്റംബർ :**

**2. പലഹാരപ്പൊതി**

- കുട്ടികൾ വരച്ച ചിത്രങ്ങൾ ലൈബ്രറിയിൽ ഒരുക്കി വെക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കി വെക്കൽ
- റോൾ പ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാരമേള
- പാചകക്കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ , മാതൃകകൾ
- ഹരിതകർമ സേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം
- സി.പി.ടി.എ ഒന്നാം മികവുത്സവം ( നാടോടിക്കഥകളുടെ അവതരണം, നാടൻപാട്ടുകളുടെ അവതരണം, പാവനാടക അവതരണം)

ഒക്ടോബർ :

3. മനുഷ്യന്റെ കൈകൾ

- കൃഷിയിട സന്ദർശനം
- കൃഷിപ്പാട്ടുകൾ, കൃഷിച്ചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ : കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്, നാടൻപാട്ട് ശില്പശാല ..

നവംബർ

4. അപ്പൂപ്പൻ താടി

- ചോദ്യോത്തര പാട്ടുകൾ താളമിട്ട് പാടി അവതരിപ്പിക്കൽ
- വേനലനുഭവകുറിപ്പ് തയ്യാറാക്കൽ
- വേനൽ ചിത്രങ്ങൾ വരച്ചു തയ്യാറാക്കൽ
- മഴക്കവിതാ രചന
- ചിത്രത്തിൽ നിന്ന് വിവരണം
- ഹോം ടൂർ വീഡിയോ തയ്യാറാക്കൽ
- ഭാവാത്മക വായന
- പ്രകൃതി നടത്തം - കാഴ്ചകൾ എഴുതൽ, ചിത്രീകരിക്കൽ
- യാത്രാവിവരണം, തയ്യാറാക്കൽ

ജനുവരി- ഫെബ്രുവരി

5. നമ്മളൊന്ന്

- കഥാവായന
- സംവാദം
- സാമൂഹിക നീതി എന്ന ആശയത്തിലൂന്നിയ കളി
- കഥയെ പാവനാടകമായി അവതരിപ്പിക്കൽ
- കത്ത് തയ്യാറാക്കൽ
- ചിത്രത്തെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കൽ

ഫെബ്രുവരി - മാർച്ച്

6. മാനത്തോളം

- ചർച്ചകളിൽ പങ്കെടുത്ത് യുക്തിപൂർവം അഭിപ്രായങ്ങൾ പറയൽ
- കവിത താളമിട്ടു ചൊല്ലൽ
- പോസ്റ്റർ തയ്യാറാക്കൽ
- കഥ ചിത്രീകരിക്കൽ
- കത്ത് തയ്യാറാക്കൽ
- പദക്കൂട്ടുകൾ തയ്യാറാക്കൽ
- പരീക്ഷണങ്ങളിൽ ഏർപ്പെടൽ
- അഭിനയക്കളികളിൽ ഏർപ്പെടൽ
- തിയേറ്റർ വായന
- ഭാഷാകേളികളിൽ ഏർപ്പെടൽ
- പകരം പദം, സമാന പദം എന്നിവ കണ്ടെത്തി പ്രയോഗിക്കൽ

## ENGLISH

Academic master plan outlines the year's curriculam, learning objective and teaching strategies for English. It focus on rading, writing skills and oral communication. The plan also incorporates wih activities for students and discover their progress throughout the year.

| Learnig outcomes | Activities for LO | Period | Assigned to |
|---|---|---|---|
| To improve reading and speaking skills | Pre test<br>Introduce the sound of alphabets – chart/video | June- august | Class teacher |
| To improve reading and speaking skills | Action song<br>listening stories with ICT<br>Self introduction in school radio/ Assembly<br>picture reading<br>find words<br>TB activities<br>small story book reading<br>reading cards<br>making evolving sentences<br>story chart<br>reading corner | June to march<br>(self introduction once in a week) | SRG<br>English club<br>(Language club) |
| To improve reading and speaking skills | Reading competitions | August-march | SRG<br>English club |
| To develop writing | Make word web | June – august | SRG |

| | | | |
|---|---|---|---|
| skills | make words and sentences<br>word chain<br>introduce small description<br>diary writing<br>writing competitions<br>conduct word making games<br>conversations | august- march | Class Teacher |
| Arrange words in alphabetical order | Give some simple words like ant, bat, cat, … ask them to identify which one is first. Then give ant, art, bat, boat …(from simple to complex) | June – march | Class teacher |
| Describe the  picture | Shows a picture<br>discussion<br>talk about thepicture<br>give opportunity to express their ideas in malayalam | June – march | Class teacher |
| English magazine | Materials collected through class activity | July- february | Class teacher, english club, pta, HM |
| | | | |

## ക്ലാസ് 4

### മലയാളം

ലക്ഷ്യം:ഭാഷയിൽ  സമഗ്രവും  ആസ്വാദ്യകരവുമായ പഠനം  ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ  തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക .

| ലക്ഷ്യം | പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | മുന്നേറാം | കുട്ടികളുടെ നിലവാരം കൃത്യമായി മനസ്സിലാക്കുന്നതിന്നു പ്രീ ടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരെ കണ്ടെത്തുന്നു.<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു- അഷര കാർഡുകൾ<br>വാക്യങ്ങൾ എഴുതിയ കാർഡുകൾ | ജൂൺ മുതൽ ലക്ഷ്യം നേടുന്ന തുവരെ | എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| | | ചിത്രത്തിനു അടിക്കുറിപ്പു തയ്യാറാക്കൽ , കഥ പൂർത്തിയാക്കൽ , പാഠപുസ്തക വായന വിജയസ്പർശം പദ്ധതി പ്രവർത്തനങ്ങൾ | | | |
| നാലാം ക്ലാസ്സിലെ എല്ലാ കുട്ടികളും സ്വതന്ത്രമായി വായിക്കുന്നതിനും കഥകൾ സ്ഫുടതയും ഒഴുക്കുമുള്ള ശൈലിയിൽ ഭാവാത്മകമായി വായിക്കുന്നതിനുള്ള ശേഷി നേടുന്നതിനു | വായിക്കാം വളരാം | ക്ലാസ് ലൈബ്രറി ഒരുക്കൽ<br>വായനാ കാർഡുകൾ നല്കൽ<br>പ്രാദേശിക ലൈബ്രറിയിൽ അംഗത്വം എടുക്കൽ<br>ആസ്വാദന കുറിപ്പ്, വായന കുറിപ്പ്, പുസ്തക പരിചയം എന്നിവ തയ്യാറാക്കൽ<br>റീഡേഴ്സ് തിയറ്റർ<br>പത്രവായന, ബാലമാസിക വായന<br>വായനാ മത്സരങ്ങൾ സംഘടിപ്പിക്കൽ<br>ഇ വായന<br>വായന അനുഭവം പങ്കുവെക്കൽ | ജൂൺ മുതൽ ലക്ഷ്യം നേടും വരെ | എസ്.ആർ .ജി ക്ലാസ് ടീച്ചർ | പി.ടി. എ |
| നാലാം ക്ലാസ്സിലെ എല്ലാ കുട്ടികളും അക്ഷരത്തെറ്റ് ഇല്ലാതെ സ്വതന്ത്ര രചന നടത്തുന്നതിനും തങ്ങളുടെ അനുഭവങ്ങളും കണ്ട കാഴ്ചകളും സർഗാത്മകമായി വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കുന്നതിനു | എഴുത്തു പച്ച | കഥാ രചന<br>കവിതാ രചന<br>സർഗാത്മക ഡയറി<br>പത്രവാർത്ത തയ്യാറാക്കൽ<br>കൈയ്യെഴുത്തു മാസിക<br>ചുമർപത്രിക<br>യാത്രാവിവരണം<br>ജീവചരിത്രക്കുറിപ്പ്<br>കഥ പൂർത്തിയാക്കൽ | ജൂൺ മുതൽ ലക്ഷം നേടും വരെ | എസ്.ആർ . ജി ക്ലാസ് റ്റീച്ചർ | പി.ടിഎ |
| പാഠപുസ്തകത്തിലെ കവിതകൾക്ക് പുറമേ പുതിയ പാട്ടുകൾ, കവിതകൾ, വായ്ത്താരികൾ എന്നിവ കണ്ടെത്തി ഈണം നല്കി അവതരിപ്പിക്കുന്നതിനും താളം തിരിച്ചറിഞ്ഞ് പുതിയ വരികൾ കൂട്ടിച്ചേർത്ത് കെട്ടിപാട്ടുന്നതിനു | പാട്ടു കെട്ടി പ്പാട്ട് | താളം തിരിച്ചറിയൽ<br>കാവ്യോത്സവം<br>നാടൻ വാദ്യോപകരണ നിർമ്മാണവും പ്രയോഗവും<br>കെട്ടിപാട്ട്<br>പാട്ടരങ്ങ് | ജൂൺ മുതൽ വേണ്ട സന്ദർഭങ്ങളിൽ | എസ്.ആർ ജി.ക്ലാസ് ടീച്ചർ | പി.ടി. എ |
| കവിതകൾ , പാട്ടുകൾ എന്നിവയുടെ ആശയം തിരിച്ചറിഞ്ഞ് അവയെ വ്യത്യസ്ത രൂപങ്ങളിൽ ആവിഷ്കരിക്കുന്നതിനു | കാവ്യാവിഷ്കാരം | കാവ്യാവിഷ്കാരം<br>ദൃശ്യാവിഷ്കാരം<br>റോൾ പ്ലേ | ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് | ക്ലാസ് റ്റീച്ചർ | |

| | | | | | |
|---|---|---|---|---|---|
| മലയാള സാഹിത്യത്തെ കൂടുതൽ അറിയുന്നതിനും സാഹിത്യകാരരുടെ പങ്ക് തിരിച്ചറിയുന്നതിനും | എഴുത്തുപരിചയം | സാഹിത്യകാരരുടെ ജന്മദിനം, ചരമദിനം ചടങ്ങുകൾ<br>ഫോട്ടോ ഗാലറി പരിചയം<br>പാഠഭാഗങ്ങളിലെ എഴുത്തുകാര പരിചയം<br>സാഹിത്യ ക്വിസ്<br>പുസ്തക പരിചയം<br>ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ | യൂണിറ്റുകളുമായി ബന്ധപ്പെട്ട വിവിധ മാസങ്ങളിൽ | ക്ലാസ് ടീച്ചർ | |
| വിവിധ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഭാഷാശേഷി വികസിപ്പിക്കുന്നതിനു | കണ്ടറിയാം കേട്ടറിയാം | പാഠഭാഗങ്ങളുമായിബന്ധപ്പെട്ടും അനുബന്ധമായും വീഡിയോ ഓഡിയോ പ്രദർശനം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | കൈറ്റ് |
| നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | രുചിച്ചറിയാം | ഭക്ഷ്യമേള<br>പാചകക്കുറിപ്പുകൾ അടങ്ങിയ പതിപ്പ്<br>ഭക്ഷണത്തിന്റെ പ്രാധാന്യം (പോസ്റ്റർ ) | യൂണിറ്റുകളുമായി ബന്ധപ്പെട്ട കാലം | ക്ലാസ് ടീച്ചർ | |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ അടുത്തറിയൽ | കലക്കൂട്ട് | പ്രാദേശിക കലാകാര പരിചയം<br>വിവിധ കലാരൂപ പ്രദർശനം<br>ഫോട്ടോ ഗാലറി പരിചയം<br>കലാരൂപങ്ങൾ ആൽബം<br>അഭിമുഖം | സി.പി.ടി.എ യോഗങ്ങൾ യൂണിറ്റ് ബന്ധിതം | HM<br>SRG<br>Class Teacher | PTA |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | സർഗോത്സവം | സർഗ വേള<br>ക്ലാസ് പി.ടി.എ യോഗങ്ങൾ<br>പഠനോത്സവം<br>സ്കൂൾ അസ്സംബ്ലി<br>സ്കൂൾ റേഡിയോ<br>സ്കൂൾ വാർഷികം ... | ആഴ്ചയിൽ ഒരു ദിവസം ക്ലാസ് പി.ടി.എ സമയം | HM<br>SRG<br>CPTA | PTA |

## ഗണിതം

ലക്ഷ്യങ്ങൾ

1 മുതൽ 10000 വരെ എണ്ണാനും എഴുതാനും

2. ഗണിതം മധുരം - രസകരമായും താത്പര്യത്തോടെയും ഗണിതത്തെ സമീപിക്കൽ

3. പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

4. വിവിധ ഗണിത ലേഖനങ്ങൾ, പുസ്തകങ്ങൾ, ശാസ്ത്രജ്ഞരുടെ ജീവചരിത്രം എന്നിവ വായിക്കുന്നതിനുള്ള താത്പര്യം

5.ജ്യാമിതീയ രൂപങ്ങളുടെ അളവുകൾ കണ്ടെത്താനും വിവിധ അളവുകളിൽ വരയ്ക്കാനും കഴിയുക

6. മാന്ത്രിക ചതുരം പാറ്റേണുകൾ കണ്ടെത്താൻ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|

| | | | |
|---|---|---|---|
| സംഖ്യാബോധം<br>1-10000 സംഖ്യകൾ എഴുതാൻ, എണ്ണാൻ | നറുക്കെടുക്കാം ( സ്ലിപ്പിലെ സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു)<br>സംഖ്യാ പാറ്റേൺ<br>ക്രമത്തിലാക്കാം - ആരോഹണം , അവരോഹണം<br>വിട്ടുപോയ സംഖ്യകൾ എഴുതൽ | പാഠഭാഗവുമായി ബന്ധപ്പെട്ട സമയത്ത് | ക്ലാസ് റ്റീച്ചർ |
| മൂന്നക്ക/ നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം<br>കളിനോട്ടുകൾ ഉപയോഗിച്ച് സംഖ്യകളെ വ്യാഖ്യാനിക്കുന്നു<br>സംഖ്യാസൂര്യൻ - സംഖ്യകളെ വ്യാഖ്യാനിച്ച് പദസൂര്യൻ എഴുതുന്നു | പാഠഭാഗവുമായി ബന്ധപ്പെട്ട സമയത്ത് | ക്ലാസ് റ്റീച്ചർ |
| ഗണിതപഠനം രസകരമാക്കൽ( ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ അസൂത്രനം ചെയ്ത് നടപ്പാക്കൽ<br>വിവിധ സമഗ്രികൾ ഉപയോഗിച്ചുള്ള പഠനം<br>സംഖ്യാചക്രം, ഭാഗ്യവാനെ കണ്ടെത്താം, ജോഡി കണ്ടെത്താം.. ) | വർഷം മുഴുവൻ | എസ്.ആർ . ജി.<br>ക്ലാസ് ടീച്ചർ |
| ഗണിതപഠനം രസകരവും ആസ്വാദ്യകരവുമാക്കൽ<br>പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | മൂല്യ നിർണയം ( ഏണിയും പാമ്പും, ഡൈസ് കളി, സങ്കലനം - വ്യവകലനം : കച്ചവടക്കളി | ജൂൺ | എസ്.ആർ . ജി.<br>ക്ലാസ് ടീച്ചർ |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ<br>കരം ചലന ശേഷി വികാസം | ഒറിഗാമിയിലൂടെ പഠിക്കാം<br>ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം<br>ടാൻ ഗ്രം - നിർമ്മാണം, ഉപയോഗിച്ചുള്ള പ്രവർത്തനം | ഉചിതമായ സമയത്ത് ( യൂണിറ്റ് ബന്ധിതം) | ക്ലാസ് ടീച്ചർ |
| ഗണിത പഠനം സുതാര്യമാക്കൽ<br>ഗണിതലാബ് ഉപയോഗപ്പെടുത്തൽ | ഗണിത ലാബ്<br>പഠനോപകരണ ശില്പശാല<br>വിവിധ പഠനോപകരണങ്ങൾ ഉപയോഗിച്ചുള്ള പഠനം | ആദ്യം ടേം | എസ്.ആർ . ജി.<br>ക്ലാസ് ടീച്ചർ<br>എച്ച്.എം |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ - പഠനത്തിനു ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | ഗണിത പഠനോപകരണ ശില്പശാല<br>പ്രവർത്തനങ്ങൾക്കനുയോജ്യമായ പഠന സാമഗ്രികൾ ഉപയോഗപ്പെടുത്തിയുള്ള പഠനം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ഗണിത ശേഷികളുടെ പ്രകടനം | ഗണിതമേള<br>പ്രശ്നോത്തരി<br>പസിൽ , പാറ്റേൺ<br>ഉത്പന്നങ്ങളുടെ പ്രദർശനം<br>കട്ടിക്കച്ചവടം | ഉചിതമായ സമയത്ത് | എസ്.ആർ . ജി.<br>ക്ലാസ് ടീച്ചർ<br>എച്ച്.എം |

## പരിസര പഠനം

ലക്ഷ്യം:

- നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് പരിസര പഠനത്തിൽ സമഗ്രവും ആസ്വാദ്യകരവുമായ പഠനാനുഭവങ്ങൾ ഉറപ്പാക്കുക
- കളികളിലൂടെയും മറ്റു പ്രവർത്തനങ്ങളിലൂടെയും ഉള്ള പഠനം
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധ നിർമ്മിതി
- സാങ്കേതിക വിദ്യകളുടെ ഫലപ്രദമായ ഉപയോഗം
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം അറിവുനിർമ്മാണം | പ്രകൃതി നടത്തം | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ , സി.പി.ടി, എ | - |
| അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം പാഠഭാഗ സന്ദർഭങ്ങൾ | ക്ലാസ് ടീച്ചർ , സി.പി.ടി, എ | പി.ടി.എ |
| ശാസ്ത്രപഠനം രസകരവും ലളിതവുമാക്കൽ | ശാസ്ത്രമൂല ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ എസ്. ആർ.ജി | പി.ടി.എ |
| ഭൂപടവായന, ഭൂപട രചന, സൂചിക പരിചയം, സൂചിക നിർമ്മാണം | ഭൂപടമൊരുക്കാം | വർഷത്തിൽ ഒരിക്കൽ | ക്ലാസ് റ്റീച്ചർ | പി.ടി.എ |
| ശാസ്ത്രപഠനം രസകരമാക്കാൻ ദിനാചരണങ്ങളെ നിമിത്തമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ , ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ ദിനാഘോഷങ്ങൾ | ശാസ്ത്രബന്ധിത ദിനങ്ങളിൽ | ക്ലാസ് ടീച്ചർ , സി.പി.ടി, എ എസ്.ആർ ജി | പി.ടി.എ |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്രോത്സവം | വർഷത്തിൽ ഒരിക്കൽ ( ടേം 3 ) | ക്ലാസ് ടീച്ചർ പി.ടി, എ എസ്.ആർ ജി | പി.ടി,എ |
| നിരീക്ഷണം അറിവു നിർമ്മാണം | പഠന ഉത്പന്നങ്ങളുടെ പ്രദർശനം (പതിപ്പുകൾ , ചാർട്ട്, ആൽബം, പഠനോപകരണങ്ങൾ, പരീക്ഷണം...) | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ പി.ടി, എ എസ്.ആർ ജി | |
| ശുചിത്വബോധമുള്ള | ശുചിത്വ സർവേ | ആവശ്യാനുസരണ | ക്ലാസ് ടീച്ചർ | - |

| | | | | |
|---|---|---|---|---|
| വ്യക്തികൾ, സമൂഹം സൃഷ്ടി | ക്ലാസ്സുകൾ | ം | | |
| വലിച്ചെറിയൽ ശീലം ഇല്ലാതാക്കി പുനരുപയോഗ ശീലം വളർത്തുന്നതിനു | ഹരിത വിദ്യാലയം | വർഷം മുഴുവൻ | പി.ടി.എ എസ്.ആർ ജി ഹരിതകർമ സേന | പഞ്ചായത്ത് പി.ടി.എ |

## ഇംഗ്ലീഷ്

ലക്ഷ്യം : നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷയിലെ സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക

- കളികളിലൂടെയും മറ്റു പ്രവർത്തനങ്ങളിലൂടെയും ഉള്ള പഠനം
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധ നിർമ്മിതി
- സാങ്കേതിക വിദ്യകളുടെ ഫലപ്രദമായ ഉപയോഗം
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് അസ്സംബ്ലി ( നിയന്ത്രണം കുട്ടികൾക്ക്)<br>ഇംഗ്ലീഷ് വായന കോർണർ | മാസത്തിൽ ഒരു തവണ<br>ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ അസംബ്ലി ചുമതൽ ഉള്ള ടീച്ചർ എസ്.ആർ ജി<br>പി.ടി,എ രക്ഷിതാക്കൾ | - |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ഇംഗ്ലീഷ് ഡയറി | ആഴ്ചയിൽ ഒന്ന് | ക്ലാസ് റ്റീച്ചർ | |
| സർഗാത്മകതാ പരിപോഷണം | റീഡിംഗ് തിയറ്റർ<br>ഇംഗ്ലീഷ് ബാലസഭ<br>ഇംഗ്ലീഷ് മാഹസിൻ | മാസത്തിൽ ഒന്ന്<br>വർഷാവസാനം | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് സംസാരിക്കാനും അവഹരിപ്പിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വിവിധ വ്യവഹാര രൂപങ്ങളാക്കി അവതരണം<br>സ്കൂൾ റേഡിയോ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| | | | | |

## ജി.എൽ.പി.എസ് ക്ലാരി
## അക്കാദമിക മാസ്റ്റർപ്ലാൻ 2025-26
# സ്കൂൾ ഒരു ടാലന്റ് ലാബ് (SCHOOL AS A TALENT LAB)

**ആമുഖം:**

2028-19 മുതൽ വിദ്യാലയങ്ങളിലെ അക്കാദമിക മാസ്റ്റർപ്ലാനിന്റെ പ്രധാനപദ്ധതിയായി നിർദേശിക്കപ്പെട്ട ഒന്നാണ് വിദാലയം ഒരു ടാലന്റ് ലാബ് ആക്കുക എന്നത്. എല്ലാ കുട്ടികളും ഏതെങ്കിലും വൈഭവത്തിനുടമകളാണ് എന്നതും ബഹുമുഖബുദ്ധി എന്ന ആശയവും ആണ് ഇതിന്റെ പിന്നിലുള്ളത്. കുട്ടിയുടെ പരിമിതികൾ കണ്ടെത്തി മറികടക്കാനും വൈഭവങ്ങൾ കണ്ടെത്തി പരിപോഷിപ്പിക്കാനുമുള്ള ഇടങ്ങളാകണമല്ലോ വിദ്യാലയങ്ങൾ. അപ്പോഴാണ് വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ നിർവചനം, നിർവഹണം സാധിതമാകുന്നത്. പ്രാഥമിക തലം മുതൽ തന്നെ ഈ പദ്ധതിയ്ക്ക് പ്രസക്തിയും സാധ്യതയും ഉണ്ട്. എൽ.പി.തലത്തിൽ കുട്ടികളുടെ കേവല താല്പര്യങ്ങളെ വൈഭവങ്ങളായി തെറ്റിദ്ധരിക്കാനുള്ള സാധ്യത ഉണ്ടെങ്കിലും നിരന്തര മൂല്യനിർണയത്തിലൂടെയും പ്രത്യേക പരിശോധനകളിലൂടെയും കുട്ടികളുടെ അഭിരുചികളും ശേഷികളും കണ്ടെത്താവുന്നതാണ്. ഇത്തരത്തിൽ സമാന വൈഭവങ്ങൾ പ്രകടിപ്പിക്കുന്ന കുട്ടികളെ സംഘങ്ങളാക്കി ക്ലാസിലെ പഠന പ്രവർത്തനങ്ങൾ, പ്രത്യേക പ്രവർത്തനങ്ങൾ, സ്കൂൾതല ശില്പശാലകൾ, പരിശീലനങ്ങൾ എന്നിവയിലൂടെ പരിപോഷിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**ഗുണഭോക്താക്കൾ:**

സ്കൂളിലെ എൽ. പി. വിഭാഗത്തിൽ പഠിക്കുന്ന എല്ലാ കുട്ടികളും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആണെങ്കിലും 3, 4 ക്ലാസ്സിലെ കുട്ടികളാണ് ടാലന്റ് ഗ്രൂപ്പുകളിൽ ഉൾപ്പെടുക. 1,2 ക്ലാസ്സുകളിൽ ക്ലാസ്തല പ്രവർത്തനങ്ങളിലൂടെ മാത്രം കണ്ടെത്തലും പരിപോഷണവും നടക്കുമ്പോൾ 3,4 ക്ലാസ്സിലെ കുട്ടികളെ ടാലന്റ് ഗ്രൂപ്പുകളാക്കി കുറച്ചുകൂടി പ്രത്യേക പരിശീലനം കൂടി ലക്ഷ്യമിടുന്നു.

**പ്രവർത്തനങ്ങൾ- കാലം-സംഘാടനം**

| ക്രമ നമ്പർ | പ്രവർത്തനം | സമയം | സംഘാടനം | സാമ്പത്തികം |
|---|---|---|---|---|
| 1 | പദ്ധതി രൂപീകരണം - വിവിധ സമിതികളിൽ ചർച്ച-അംഗീകാരം-പിന്തുണ ഉറപ്പാക്കൽ | ജൂൺ 2025 | എസ്.ആർ.ജി | - |
| 2 | കുട്ടികളെ അറിയുക -വൈഭവ നിർണയം | ജൂൺ 2025 | ക്ലാസ് അധ്യാപകർ, സി.പി.ടി.എ | - |
| 3 | ടാലന്റ് ഗ്രൂപ്പുകളുടെ രൂപീകരണം - രക്ഷാകർതൃ ചർച്ച | ജൂലൈ 2025 | സ്റ്റാഫ് കൗൺസിൽ | - |
| 4 | ക്ലാസ്തല പ്രവർത്തനങ്ങളിൽ വൈഭവ പരിപോഷണത്തിനുള്ള അവസരങ്ങൾ ഒരുക്കൽ | ആഗസ്റ്റ് - ഫെബ്രുവരി | എസ്. ആർ.ജി ക്ലാസ്/ വിഷയ അധ്യാപകർ | - |
| 5 | പ്രാദേശിക വിദഗ്ധരെ ഉൾപ്പെടുത്തി പരിശീലന പാനൽ തയ്യാറാക്കൽ - പരിശീലന ഇനങ്ങൾ തീരുമാനിക്കൽ | ആഗസ്റ്റ് | പി.ടി.എ , സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ് | - |

| | | | | |
|---|---|---|---|---|
| 6 | പ്രത്യേക പരിശീലനങ്ങൾ, ശില്പശാലകൾ - നിർവഹണം | ആഗസ്റ്റ് - ഫെബ്രുവരി2026 | ടാലന്റ് ഗ്രൂപ്പുകൾ പി.ടി.എ./ എസ്.എം.സി മാതൃസമിതി.. | 1,50,000.00 |
| 7. | മൂല്യനിർണയം - വൈഭവ പ്രകടന സന്ദർഭങ്ങൾ | ഡിസംബർ 2025 മാർച്ച് 2026 | ടാലന്റ് ഗ്രൂപ്പുകൾ പി.ടി.എ./ എസ്.എം.സി മാതൃസമിതി... | 10000.00 |

**ടാലന്റ് ഗ്രൂപ്പ് സാധ്യതകൾ** : അഭിനയം, ഫുട്ബോൾ, ചിത്രം, സംഗീതം, നൃത്തം, സാഹിത്യം, വർക്ക് എക്സ്പീരിയൻസ്, ഗണിതം, ശാസ്ത്രം, ഫോട്ടോഗ്രഫി, എഡിറ്റിംഗ് ...

**നേട്ടങ്ങൾ :**

1. ഓരോകുട്ടിയുടെയും സവിശേഷ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിലൂടെ എല്ലാവരെയും മുന്നിലെത്തിക്കാനും അവരിൽ ആത്മവിശ്വാസം വളർത്താനും കഴിയുന്നു.
2. സ്കൂളിൽ വിവിധങ്ങളായ ടാലന്റ് ഗ്രൂപ്പുകൾ രൂപപ്പെടുന്നതിലൂടെ അവരുടെ കഴിവുകൾ വിവിധ സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നു.
3. പ്രാദേശിക വിദഗ്ധർക്ക് വിദ്യാലയവുമായി നിരന്തരം ബന്ധപ്പെടാൻ അവസരം ലഭിക്കുന്നു, പ്രോത്സാഹനം ലഭിക്കുന്നു.

************************************************************